**Scene 1**
**INT/EXT. സഹീറിന്റെ ബേക്കറി - DAY**

ഒരു ചെറിയ ടൌണിൽ ഉള്ള ഒരു ബേക്കറി. 35 വയസ്സ് തോന്നിക്കുന്ന സഹീർ ആണ് ബേക്കറി ഉടമ. അൽപ്പസ്വൽപ്പം വായ്നോട്ടമുള്ള ആളാണ് സഹീർ.

തന്റെ ബേക്കറിയുടെ മുന്നിലൂടെ കടന്നുപോകുന്ന പെൺകുട്ടികളെ ഒന്നിനെപോലും വിടാതെ സഹീർ നോക്കിയിരിക്കും.

സഹീറിന്റെ കടയിലെ ഒരു ജോലിക്കാരൻ ആണ് ചോട്ടു. ൨൦ വയസ്സ് പ്രായം തോന്നുന്ന ഒരു അതിഥി തൊഴിലാളി.

ചോട്ടു ഒരു ചായ ആയി വരുന്നു. ചായ അവിടെ ഒരു ടേബിളിൽ വക്കുന്നു.

THAT CUSTOMER
ഭായ്.. ഏക് മുട്ട.

CHOTTU
ഓക്കേ സേട്ട..

എന്നു പറഞ്ഞു ചോട്ടു തിരിഞ്ഞു നടക്കുന്നു.
ചായ കുടിക്കാൻ വന്നയാൾ അതെടുത്തു കുടിക്കുന്നു. അയാളുടെ മുഖം ചായ ഇഷ്ടപ്പെടാത്ത പോലെ ആവുന്നു.

ഈ സമയം നടന്നു പോകുന്ന ഒരു പെൺകുട്ടിയെ നോക്കി സഹീറിന്റെ തല തിരിഞ്ഞു വരുന്നു. സഹീറിന്റെ നോട്ടത്തിലെക്ക് ഒരു ചെറുപ്പക്കാരൻ ENTER ചെയ്തു വന്നു പുറത്തു തന്നെ നിൽക്കുന്നു.

കൊഴുകട്ടയും കോഴിമുട്ടയും ഒരുമിച്ചു ഇരിക്കുന്ന ഒരു ഷെൽഫിൽ നിന്നും ഈ സമയം ചോട്ടു ഒരു കോഴിമുട്ട എടുത്തു അത് ഡിസ്കിൽ തട്ടി പൊട്ടിച്ചു തൊണ്ട് പൊളിക്കാൻ തുടങ്ങുന്നു.

സഹീർ ഈ സമയം വന്നയാളെ wish ചെയ്ത് ചിരിക്കുന്നു.

SAHEER
ഹാ.. സുധീഷേ.. നേരത്തേ വന്ന !!

സുധീഷ് കടയിലേക്ക് കയറുന്നു.

SUDHEESH
സഹീറെ പോവാടാ.. ?

SAHEER
സമയം ആവുന്നല്ലേ ഒള്ളു. നീ വെപ്പ്രാളപ്പെടാണ്ട് എന്റെ ചോട്ടൂന്റെ ഒരു ചായ കുടിക്ക്.

സുധീഷ് ചോട്ടുനെ നോക്കുമ്പോൾ, മുട്ട തൊണ്ട് കളഞ്ഞപ്പോൾ മുട്ടയിൽ ചോട്ടുവിന്റെ കയ്യിൽ നിന്നും ആയ അഴുക്ക് കൈകൊണ്ട് തന്നെ തുടക്കുന്നത് കാണുന്നു.

SUDHEESH
(ചോട്ടുനെ നോക്കിക്കൊണ്ട്)
വേണ്ട സഹീറെ..
(തിരിഞ്ഞു സഹീറിനെ നോക്കി)
അവിടെ പോയാൽ എന്തായാലും കുടിക്കേണ്ടി വരും. ഇതിപ്പോ കുറെ ചായകുടിയായി.

SAHEER
ഹാ.. നീയിങ്ങനെ DEPRESSION അടിക്കല്ലേ. ഇതിപ്പോ എത്രാമത്തെയാ..

SUDHEESH
ആ.. ഞാൻ എണ്ണീല. എന്തായാലും ഒരു പത്തിരുപതെണ്ണം ആയിക്കാണും.

SAHEER
അത്രല്ലേ ഒള്ളു. നിനക്ക് എന്റെ കെട്ടു എത്രാമത്തെ ആണെന്ന് അറിയാലോ.

ഇത് പറയുമ്പോൾ സഹീറിന്റെ കണ്ണുകൾ റോഡിലൂടെ നടന്നു പോകുന്ന ഒരു പെൺകുട്ടിയുടെ ഒപ്പം സഞ്ചരിക്കുകയായിരുന്നു.

SUDHEESH
ആ.. അറിയാ.
(സഹീർ പെൺകുട്ടിയെ നോക്കുന്നത് കണ്ടു പുച്ഛത്തോടെ)
ഓ.. ഇതിനൊരു കുറവും ഇല്ലല്ലോ..

SAHEER
(ബൈക്കിന്റെ താക്കോലും ഹെൽമെറ്റും എടുക്കുന്നു. എന്നിട്ടു സംസാരിച്ചുകൊണ്ട് ബേക്കറിയുടെ പുറത്തേക്കു ഇറങ്ങുന്നു.)
പെണ്ണു കെട്ടി എന്നു കരുതി സൌന്ദര്യം ആസ്വദിക്കാൻ പാടില്ലാന്നില്ലല്ലോ. നീയിനി ഇവിടെ നിക്കണ്ട, വാ നമുക്ക് പോവാം.. എന്റെ പോന്നോ..
പിന്ന ഒരു കാര്യോം കൂടി പറയാ. ഈ സഹീറിന്റെടുത്തു വന്നോരാരേം നിരാശപ്പെടുത്തി വിട്ട ചരിത്രുല്ല.

സഹീർ തന്റെ ബൈക്ക് എടുക്കുന്നു. സുധീഷ് പുറകിൽ കയറുന്നു.

സഹീർ കടയിലേക്ക് നോക്കികൊണ്ട്

SAHEER
ചോട്ടു.. ടാ...

CHOTTU
ഹാ സേട്ടാ..

ഇവരുടെ സംസാരത്തിനിടയിൽ സുധീഷ് നേരത്തെ മുട്ട ചോദിച്ച ആളെ നോക്കുന്നു. അയാൾ ആ മുട്ടയുടെ ഭംഗി നോക്കി ആസ്വദിച്ചിട്ടു ഒറ്റയടിക്ക് വായിലേക്ക് ഇടുന്നു.

SAHEER
ഞാനിപ്പോ വരാം. തിരിച്ചുവരുമ്പോ ഇതിവടെ തന്നെ കാണണം.

CHOTTU
ഹാ സേട്ടാ.. ഞാൻ ഇവട തന്ന ഉണ്ടാകും സേട്ടാ.

SAHEER
ഓ.. നീയല്ല. ഈ ബേക്കറി ഇവട തന്നെ ഉണ്ടാവണംന്നാ പറഞ്ഞെ.

CHOTTU
സെരി സേട്ടാ..

സഹീറും സുധീഷും വണ്ടി സ്റ്റാർട്ട് ചെയ്തു യാത്ര തുടങ്ങുന്നു.

-SONG-

**Scene 2**
**EXT/INT. നീതുവിന്റെ വീട് - DAY**

ഇടിമുഴക്കത്തിന്റെ ശബ്ദം..
പണി കഴിഞ്ഞു വീട്ടിലേക്ക് വരുന്ന നീതുവിന്റെ അമ്മ. ഏകദേശം 45 വയസ്സു പ്രായം. സാരിയാണ് വേഷം, ഇരുനിറം. അനിത എന്നാണ് അവരുടെ പേര്. ഒരു തോൾ ബാഗ് ഉണ്ട്..

അനിത വീടിന്റെ മുൻപിൽ എത്തി മകളെ വിളിക്കുന്നു. വാതിൽ അടഞ്ഞു കിടക്കുകയാണ്. തിടുക്കവും സന്തോഷവും അവരുടെ മുഖത്തുണ്ട്.

ANITHA
നിച്ചൂ.. എടീ..

നീതു വന്നു വാതിൽ തുറക്കുന്നു. അവൾ കുറച്ചു ദേഷ്യത്തിലാണ്. ഒരു സാധാരണ ചുരിദാർ ആണ് വേഷം, ഇരുനിറം. മുഖത്തു അല്പം ക്ഷീണവും എണ്ണമയവും ഉണ്ട്. മുടി കുറച്ചു പാറി നിൽക്കുന്നു.

NEETHU
അമ്മേ.. ആ പേര് ഇങ്ങനെ ഒറക്കെ വിളിക്കല്ലേന്ന് എത്രയാ പറയണേ.

അമ്മ അത് കാര്യമാക്കാതെ അവളെ തള്ളിമാറ്റി വേഗത്തിൽ വീടിന്റെ അകത്തു കടക്കുന്നു.

ANITHA
ഓ.. ഒന്നു പോടീ. അത് നിന്നെ അച്ഛൻ വിളിച്ചിരുന്ന പേരാ. ഞാനതെ വിളിക്കു.

അവർ ബാഗ് സ്ഥിരം വക്കുന്ന ഒരു മൂലയിൽ വച്ചിട്ട് അടുക്കളയിലേക്ക് പോകുന്നു.

നീതു മൊബൈൽ എടുത്ത് അതിൽ എന്തോ നോക്കുന്നു. പശ്ചാത്തലത്തിൽ നീതുവിന്റെ അച്ഛന്റെ ചിത്രം ചുമരിൽ തൂക്കിയിരിക്കുന്നു.

അടുക്കളയിൽ എത്തിയ അമ്മ അനിത.

ANITHA
(voice over)
നിച്ചൂ നീ ഒന്നും വാങ്ങിയില്ലേ.

നീതു മിണ്ടുന്നില്ല. ചെറിയ ഇടിമുഴക്കം കേൾക്കുന്നുണ്ടു..

ANITHA

(അടുക്കളയിൽ നിന്നും നീതുവിന്റെ അടുത്ത് വന്നിട്ട്)
എടീ.. നിന്നോട് ഞാൻ പറഞ്ഞതല്ലെ സദാനന്ദൻ ചേട്ടന്റെ കടെപ്പോയി പാലും, എന്തേലും കടീം വാങ്ങാൻ. ഞാൻ അഞ്ചര കഴിയും വരാണെന്നു പറഞ്ഞതല്ലേ. ഓണത്തിനുള്ള ചിപ്സ് അടിക്കുന്ന സമയാ.

NEETHU

(അല്പം നീരസത്തോടെ)
എനിക്കെങ്ങും വയ്യ. അവിടെ ചെല്ലുമ്പോ അയാൾ ഓരോന്നു ചോദിക്കും. ഇന്നു ആരാ കാണാൻ വരുന്നേ, എവിടുള്ളതാ എന്തു ചെയ്യുവാ, ഇതെങ്കിലും നടക്കോ... എനിക്ക് പറ്റൂല്ല.

ANITHA

(ചുവരിലെ ക്ലോക്കിൽ സമയം നോക്കി ആധിയിൽ, ക്ലോക്കിന്റെ അടുത്തു ചുവരിൽ ശ്രീനാരായണഗുരുവിന്റെ ചിത്രവും കാണാം.)
ശോ.. അവരിപ്പോ എത്തുല്ലോ. ആടുക്കളയിൽ എന്തേലുണ്ടോ.

ആടുക്കളയിൽ ചെന്നു ഒന്നു രണ്ടു പാത്രങ്ങൾ തുറന്നു നോക്കുന്നു.. ഒരു പാത്രം തുറക്കുമ്പോൾ അതിൽ രണ്ട് കൊഴുക്കട്ട ഇരിക്കുന്നു.

ANITHA

ഓ.. എന്നാപ്പിന്നെ നിനക്കു രണ്ടെണ്ണം കൂടി കൂടുതൽ ഉണ്ടാക്കാരുന്നില്ലേ. (ഇടിമുഴക്കം വീണ്ടും കേൾക്കുന്നു. അടുക്കള ജനലിലൂടെ അനിത ആകാശത്തേക്ക് നോക്കികൊണ്ട്) അല്ലെങ്കി ഇതു കൊടുത്താലോ.

NEETHU

അമ്മാ.. അതു കൊടുക്കാൻ പറ്റൂല്ല.

ANITHA

ഹോ.. ഇങ്ങനൊരു സാധനം.
(ബാഗിൽ നിന്നും പേർസ് എടുത്തിട്ട്)
ഞാൻ പെട്ടെന്നു പോയിട്ട് വരാം. നീയൊന്നു മെനക്ക് ഒരുങ്ങി നിന്നേ.

NEETHU

ഓ.. ഇതക്ക മതി. ഇങ്ങനെ കാണ്ടാമതി. അല്ലെങ്കിതന്നെ ഒരുങ്ങീട്ടെന്തിനാ, കണ്ടു ചിരിച്ചു കാണിച്ചു പോയിട്ട് പെണ്ണിന് നിറം പോരാന്നു പറഞ്ഞു വിളിക്കും.

ANITHA

(മുഖത്തു ഒരു വിഷമത്തോടെ, പശ്ചാത്തലത്തിൽ ശ്രീനാരായണഗുരുവിന്റെ ചുവരിലെ ചിത്രം)
ആ എന്തേലും ആവ്.

അനിത ഇറങ്ങി നടക്കുന്നു. നീതു വീണ്ടും മൊബൈലിൽ നോക്കുന്നു. പുറത്തു നിന്ന് അനിത.

ANITHA

നിച്ചൂ.. മഴപെയ്യാ തുണിയൊന്ന് എടുത്തിട്ടേക്കണേ.
(നീതുവിന്റെ മുഖത്തു നിച്ചു എന്നു വിളിച്ചതിന്റെ ദേഷ്യം.)

**Scene 2B - SONG CUT**
**INT. നീതുവിന്റെ വീട് - EVENING**

നീതു മെല്ലെ അവളുടെ റൂമിൽ ചെന്ന് കണ്ണാടിയിൽ ഒന്നു നോക്കുന്നു. നിറം കുറഞ്ഞതിലുള്ള പരിഭവമുണ്ട് അവളുടെ മുഖത്ത്.

അലമാര തുറന്നു ഡ്രെസ്സുകൾ ഓരോന്നായി നോക്കുന്നു. ഒന്നും അവളെ തൃപ്തിപ്പെടുത്തുന്നില്ല. കുറച്ചു ഡ്രെസ്സുകൾ മാറി മാറി നോക്കിയ ശേഷം ഒരെണ്ണം തീരുമാനിക്കുന്നു.

**Scene 3**
**EXT. ഗ്രാമത്തിലെ റോഡ് - DAY**

ഒരു ബൈക്കിൽ യാത്ര ചെയ്യുന്ന സഹീറും സുധീഷും. സഹീറാണ് വണ്ടി ഓടിക്കുന്നത്. സുധീഷിനെയും കൂട്ടി സുധീഷിന് പെണ്ണ് കാണാനുള്ള പോക്കാണ്.

ഇടക്കിടെ ചെറിയ ഇടിമുഴക്കം കേൾക്കുന്നുണ്ട്. പോകുന്ന വഴിയിൽ ഒരു ബസ് സ്റ്റോപ്പിൽ ഒരു സുന്ദരിയായ പെൺകുട്ടി നിൽക്കുന്നു. സഹീറിന്റെ കണ്ണ് പെട്ടെന്ന് പെൺകുട്ടിയിൽ ഉടക്കുന്നു.

SAHEER
(മനസ്സിൽ പറയുന്നു)
ഇവൾ ഹക്കീമയല്ലേ. അവൾ നോക്കുന്നുണ്ടല്ലോ. ചിരിക്കൊന്നു നോക്കാം

സഹീർ ഒന്ന് മെല്ലെ ചിരിച്ചു കാണിക്കുന്നു. പെൺകുട്ടി തിരിച്ചും ചിരിച്ചു.
ഒരു ചാൻസ് കിട്ടിയ ഭാവത്തിൽ സഹീർ വണ്ടി ഓടിക്കൽ തുടരുന്നു.

SAHEER
(മനസ്സിൽ തന്നെ)
അമ്പടീ അവൾ ചിരിച്ചു. ഇതിപ്പോ എങ്ങനെ അവളോട് സംസാരിക്കും. ഇവനോട് എന്തേലും പറയണോലോ.

പെട്ടെന്നു ഒരു IDEA കിട്ടിയ പോലെ സുധീഷിനോട്..

SAHEER
എടാ.. ഒരു കാര്യം ഉണ്ട്.

SUDHEESH
(അല്പം ടെൻഷനോടെ)
എന്താടാ ?

SAHEER
നിന്നവടെ എറക്കീട്ട് എനിക്കൊന്നു ബേക്കറി വരെ തിരിച്ചുപോണം.

SUDHEESH
(നല്ല ടെൻഷനിൽ)
ഏയ്.. എടാ സഹീറെ, അത് ശരിയാവുല്ല. ഞാൻ ഒറ്റക്കോ.

SAHEER
എടാ അത്യാവശ്യം ആടാ. ഒരു birthday കേക്കിന്റെ ഓർഡർ ഉണ്ടായിരുന്നു. ഞാനത് മറന്നു. അതിൽ "happy birthday തങ്കം" എന്ന് എഴുതാൻ ഉണ്ട്.

SUDHEESH
അതിനവടെ ചോട്ടു ഇല്ലേ.

SAHEER

ആ BEST. സുധീഷേ അവൻ എഴുതിയാ ഇന്നുതന്നെ ഞാനെന്റെ ബേക്കറി പൂട്ടണ്ടി വരും. നീ ടെൻഷൻ ആവാതെ.. നീ അവിടെ ഇരുന്നു സംസാരിച്ച് തുടങ്ങുംപോഴേക്കും ഞാനെത്തും. അധികം ദൂരമൊന്നുമില്ലല്ലോ. ഈ ജൻഷനിൽ അല്ലേ.

SUDHEESH

(വിഷമത്തോടെ)

ആ എന്തെങ്കിലും ചെയ്.

വണ്ടി ഒരു ഇടവഴിയുടെ മുന്നിൽ എത്തി നിർത്തുന്നു. സുധീഷ് ഇറങ്ങുന്നു.

SAHEER

(വഴിയിലേക്ക് ചൂടിക്കൊണ്ട്)

ദാ .. ഈ വഴി അങ്ങ് നേരെ നടന്നാൽ ലാസ്റ്റ് കാണുന്ന ഒരു വീടാ. നീയവിട കേറി ഒരു ചായ കുടിക്കുംബെഴേക്കും ഞാനെത്തും. അപ്പൊ ശെരി..

SUDHEESH

കൊറേ നടക്കണോ !

സഹീർ വണ്ടി തിരിക്കുന്നു.

SAHEER

ഇല്ലടാ.. കൊറച്ച്. ഒരഞ്ചു മിനിറ്റ് നടന്നാമതി.

SUDHEESH

ആ ശെരി. വേഗം വന്നേക്കണേടാ..

SAHEER

ആടാ ഇപ്പ വരാ..

(എന്നു പറഞ്ഞു വണ്ടി മുന്നോട്ട് എടുത്തിട്ട്, ഒന്ന് നിർത്തി സുധീഷിനെ തിരിഞ്ഞു നോക്കിയിട്ട്)

സുദീഷേ.. നീ നിന്റെ സൌന്ദര്യ സങ്കല്പം ഒക്കെ ഒന്നു മാറ്റി വച്ചിട്ട് തൊറന്ന മനസ്സോടെ ഓലെ ഒന്നു നോക്ക്. എന്നിട്ടുമ്മക്ക് തീരുമാനിക്കാ. അപ്പൊ ഓക്കെ.. ഞാനിപ്പ തന്ന വരാ..

സഹീർ വണ്ടി ഓടിച്ചു മുന്നോട്ട് നീങ്ങുന്നു.

ദൂരെയുള്ള ഒരു ഇടിമുഴക്കം..

- cut to -

**Scene 4**
**EXT/INT. സദാനന്ദന്റെ കട - EVENING**

മറ്റൊരു സ്ത്രീയോട് സംസാരിച്ചു കൊണ്ടു നിൽക്കുന്ന സദാനന്ദൻ. സദാനന്ദന് 55 വയസ്സു പ്രായം. മുഷിഞ്ഞ ഒരു ഷർട്ടും മുണ്ടും ആണ് വേഷം. പരദൂഷണം ആണെന്നു സദാനന്ദന്റെ ശരീരഭാഷയിൽ നിന്നും വ്യക്തം.

കേൾക്കുന്ന സ്ത്രീ താടിക്ക് കൈ കൊടുത്ത് പെട്ട് പോയ അവസ്ഥയിൽ ആണ്. അവർക്ക് 45 വയസ്സു പ്രായം, ഒരു കോട്ടൺ പ്രിന്റഡ് നൈറ്റി ആണ് വേഷം. അരക്കു താഴെ നൈറ്റിയുടെ മുൻഭാഗം ഇടതും വലതും വശത്തു ഇരുകൈകളും എത്തുന്നിടത്ത് നനഞ്ഞിട്ടുണ്ട്. കൈ തുടക്കുന്നതാണ് ആ നനവ്..

അപ്പോഴാണ് സദാനന്ദൻ അനിതയെ കാണുന്നത്.

SADANANTHAN
ആ അനിതെ.. വാ വാ.. ഇപ്പൊ പറഞ്ഞ് നാക്കു ചുരുട്ടി വച്ചതെയോള്ളൂ.

ANITHA
ആണോ.. എന്താ പറഞ്ഞേ.

അവിടെ ഉണ്ടായിരുന്ന സ്ത്രീ അനിതയെ നോക്കി ഒരു വളിച്ച ചിരി ചിരിക്കുന്നു.

SADANANTHAN
അല്ലാ.. അടുത്ത് തന്നെ ഒരു സദ്യ ഉണ്ടാവും എന്നു പറയേരുന്നേ.

ANITHA
അതൊക്കെ നടകുമ്പോ നടക്കും ചേട്ടാ.

ആദ്യം ഉണ്ടായിരുന്ന സ്ത്രീ
(തിടുക്കത്തിൽ)
അയ്യോ.. വെള്ളം അടുപ്പത്താ. ഞാൻ പോട്ടെ ചേട്ടാ. പോട്ടെ അനിതെ....

അനിതയും സദാനന്ദനും നടന്നു നീങ്ങുന്ന സ്ത്രീയെ നോക്കുന്നു. സ്ത്രീ നടന്നു നീങ്ങുന്ന ഫ്രെയിമിലേക്ക് ഓടി വരുന്ന ഒരു ആൺകുട്ടി. ൭ വയസ്സ് പ്രായം.

BOY
അപ്പൂപ്പാ.. മൂന്നു സിപ്പപ്പ്.

അപ്പൂപ്പാ എന്ന വിളിയിൽ അമർഷം തോന്നി സദാനന്ദൻ കുട്ടിയെ നോക്കി സിപ്പപ്പ് എടുക്കാൻ ഫ്രിഡ്ജിന്റെ അടുത്തെത്തി, തുറന്നു സിപ്പപ്പ് എടുത്തു കുട്ടിക്ക് കൊടുക്കുന്നു. അതും വാങ്ങി കുട്ടി ഓടുന്നു.

സദാനന്ദൻ
(വളിച്ച ചിരി, ചമ്മൽ മാറ്റിക്കൊണ്ട്)
അപ്പൂപ്പനെ.. അവന്റെ അപ്പന്റെ പ്രായേ ഒള്ളു എനിക്കും.

ഇടിമുഴക്കം കേൾക്കുന്നു. അനിത ആകാശത്തേക്ക് നോക്കി, എന്നിട്ട് സദാനന്ദനെ നോക്കി..

ANITHA
ചേട്ടാ.. എന്താ ചേറൂകടി ഉള്ളതു.

സദാനന്ദൻ
ആഹാ ഇന്ന് ആരാ വരുന്നേ, എവിടെയുള്ളതാ ചെക്കൻ, എന്താ ചെയ്യുന്നേ. വല്ലതും നടക്കോ.

ANITHA
(ചെറിയ ഞെട്ടലോടെ സദാനന്ദനെ നോക്കുന്നു, എന്നിട്ട്ഞെട്ടലിൽ നിന്നും പുറത്തുവന്നിട്ട്)
നമ്മുടെ അടുത്തന്നെയുള്ളതാ, കോട്ടക്കുന്നേലാ.

SADANANTHAN
ആഹാ അത് കൊള്ളാലോ. ആപ്പോ തൊട്ടടുത്തായല്ലോ.

ANITHA
അതിനു കാണാൻ വരുന്നതല്ലേയൊള്ളൂ. നമ്മുടെ നാട്ടുകാര് ചെല മൊടക്കികൾ ഉണ്ടു ചേട്ടാ. എല്ലാരുടേം എല്ലാ കാര്യങ്ങളും അവർക്ക് അറിയേം വേണം, എല്ലാം കേറി മൊടക്കേം ചെയ്യും. അവർക്കൊക്കെ എന്ത് സുഖം ആണാവോ കിട്ടുന്നെ.

തന്റെ മുഖത്തു വരുന്ന ചളിപ്പ് ഒളിപ്പിക്കാൻ നന്നേ പാടുപെട്ടുകൊണ്ട് സദാനന്ദൻ.

SADANANTHAN
മൊട്ടപഫ്സ് എടുക്കട്ടെ.

-cut to-

**Scene 5**
**INT. നീതുവിന്റെ വീട് - EVENING**

അടുക്കളയിൽ ഒരു മൂലയിൽ ഇരിക്കുന്ന ഒരു കോഴിമുട്ട. മുട്ടയിട്ട കോഴിയുടെ കൊക്കലും കേൾക്കാം.

തിരഞ്ഞെടുത്ത വസ്ത്രമണിഞ്ഞു അവൾ മുഖത്ത് ഇടാൻ വേണ്ടി പൌഡർ എടുക്കുന്നു. അവിടെ fair & lovely പോലുള്ള പലതരം cosmetics ഇരിപ്പുണ്ട്.

അവൾ അവളെ സ്വയം ഒരുക്കുന്നു. ഒരു മൂളിപാട്ടും ഉണ്ട്. (കാക്കക്കറുമ്പൻ കണ്ടാൽ കുറുമ്പൻ) എന്നിട്ട് മുടി ഒന്നൂടെ ചീവി ഒതുക്കി കെട്ടാൻ തുടങ്ങുമ്പോൾ ഒരു calling bell കേൾക്കുന്നു.

നീതു സംശയത്തോടെ മെല്ലെ ചെന്നു ജനലിലൂടെ നോക്കുന്നു. നോക്കുമ്പോൾ സുധീഷ്. നീതുവിന് ടെൻഷൻ ആവുന്നു. വാതിൽ തുറക്കണോ വേണ്ടയോ എന്നുള്ള confusion. അവൾക്ക് നാണം വരുന്നു, മുഖത്തു നല്ല ചമ്മൽ ഉണ്ട്.

ഒന്നുകൂടി calling bell അടിക്കുന്നു.

ഈ സമയം പുറത്ത് അയൽപക്കത്തുള്ള വീട്ടിൽ നിന്നും ജാൻസി നീതുവിന്റെ വീട്ടിലേക്ക് സംശയത്തോടെ നോക്കി നിൽക്കുന്നുണ്ടായിരുന്നു.

കോളിങ് ബെൽ അടിച്ച സുധീഷ് വീടിന്റെ പരിസരമൊക്കെ കണ്ണോടിക്കുന്നതിനിടയിൽ ജാൻസി നോക്കി നിൽക്കുന്നത് കാണുന്നു. ജാൻസിക്ക് double look കൊടുക്കുന്ന സുധീഷ്. ജാൻസിയെ നോക്കി ഒരു വളിച്ച ചിരി ചിരിക്കുന്നു.

ജാൻസി കണ്ടില്ലെന്ന ഭാവത്തിൽ വീണ്ടും താൻ ചെയ്യുകൊണ്ടിരുന്ന വിറകു ഒതുക്കിവയ്ക്കുന്ന പണി തുടരുന്നു.

സുധീഷ് വീണ്ടും കോളിങ് ബെൽ അടിക്കാൻ കൈ എടുക്കുമ്പോൾ നീതു വാതിൽ തുറക്കുന്നു.

മുഖത്തേക്ക് നോക്കി സംസാരിക്കാൻ പാടുപെടുന്ന സുധീഷും നീതുവും. നല്ല മഴക്കോളുണ്ട്. ഇടി മുഴക്കം കൂടി കൂടി വരുന്നുണ്ട്..

NEETHU
അമ്മ ഇപ്പൊ വരും.
(വരാന്തയിൽ കിടക്കുന്ന ഒരു പഴകിയ കസേര ചൂണ്ടി കാണിച്ചിട്ട്)
ഇങ്ങോട്ട് ഇരിക്കാം.

SUDHEESH
ആ.. അതെ അതാ നല്ലത്. (താഴേക്ക് നോക്കുന്ന സുധീഷ് ഒന്ന് സംശയിച്ചിട്ട് നീതുവിനു നേരെ വിരൽ ചൂണ്ടിയിട്ട്) നീതു..

NEETHU
ഞാൻ തന്നെയാണ്.

മുഖത്ത് ചെറിയ ആശ്വാസത്തോടെ കസേരയിൽ ഇരിക്കാൻ ഒരുങ്ങി ചെരുപ്പ് ഊരി ഒരു കാൽ വരാന്തയിലേക്ക് എടുത്ത് വച്ചിട്ട് കസേരയിലേക്ക് നോക്കുന്നു. അതൊരു നല്ല പ
ഴയ പ്ലാസ്റ്റിക് കസേര ആയിരുന്നു. അതിൽ നിറയെ അഴുക്ക് പിടിച്ചിട്ടുണ്ട്. അത് കണ്ട് കാൽ പിന്നോട്ട് മാറ്റുന്നു.

ഈ സമയം സുധീഷിന്റെ പുറകിൽ നിന്നും ഒരാളുടെ ശബ്ദം കേൾക്കുന്നു.

രമേശ്, 28 വയസ്സ് പ്രായം. അൽപ്പം ഇരുണ്ട നിറം. കാവി മുണ്ടും ടീഷർട്ടും ആണ് വേഷം. മുഖത്ത് മുപ്പത്തിരണ്ടു പല്ലും കാണിച്ചുകൊണ്ടുള്ള ഒരു ചിരി. കയ്യിൽ രണ്ടു പ്ലാസ്റ്റിക് കസേരയും കൊണ്ടാണ് വരവ്..

RAMESH
നിച്ചൂ..

നീതു ഞെട്ടി അങ്ങോട്ട് നോക്കുന്നു.

സുധീഷ് തിരിഞ്ഞു രമേശിനെയും എന്നിട്ട് നീതുവിനെയും നോക്കുന്നു.

നീതു സുധീഷിനെ നോക്കി ഒരു വളിച്ച ചിരി.

ഈ സമയം അല്പം ശക്തിയിൽ ഇടിവെട്ടുന്നു. അൽപ്പം ഭയത്തോടെ ആകാശത്തേക്കും കസേരയിലേക്കും മാറി മാറി നോക്കുന്ന സുധീഷ്.

രമേശ് നീതുവിനോട്..

RAMESH
അനിതേച്ചി രണ്ടു കസേര വേണംന്നു പറഞ്ഞിരുന്നു. ഞാൻ വീട്ടിൽ ഉണ്ടായില്ലാന്നെ. വന്നപ്പോ എടുത്തോണ്ടു ഇങ്ങ് ഓടിതാ.

NEETHU
(ചളിപ്പ് മാറ്റാൻ നന്നേ പാടുപെട്ടുകൊണ്ട്)
നല്ല ടൈമിംഗ് ആണ് രമേശെട്ടാ.

RAMESH
പിന്നല്ലാ..

രമേശ് രണ്ടു കസേരയും വരാന്തയിൽ arrange ചെയ്യുന്നു. എന്നിട്ട് സുധീഷിന്റെ മുഖത്തേക്ക് ഒരു സംശയത്തോടെ നോക്കുന്നു. എന്നിട്ട് തിരിഞ്ഞു നീതുവിനെ നോക്കി.

RAMESH
ചേട്ടൻ പോട്ടെ നിച്ചു മോളെ. നിൽക്കണ്ടാലോ..

NEETHU
(മനസ്സിലാവാത്ത പോലെ, സംശയത്തോടെ)
വേണ്ടാ...

RAMESH
(ചിരിച്ചുകൊണ്ട്)
എന്നാ ശെരി.
(സുധീഷിനെ അടിമുടി ഒന്നു നോക്കി)
ശേരീട്ടാ..

SUDHEESH
(ഒന്നും മനസ്സിലാവാത്ത പോലെ, ചെറു ചിരിയോടെ)
ആ ശെരി..

തിരിച്ച് ഇറങ്ങി നടക്കുന്ന രമേശ്, അപ്പുറത്ത് വിറക് ഒതുക്കുന്ന ജാൻസി ചേച്ചിയോട് ഉറക്കെ....

RAMESH
ജാൻസിയേച്ച്യേ..

JANCY
(VO)
ഓ.. ആര് രമേശനോ.. എന്താടാ..

ജാൻസി അവിടെ നിൽക്കുന്നുണ്ടെന്ന് അറിഞ്ഞ ചുമരിന്റെ മറവിൽ നിന്നിരുന്ന നീതു ഒന്നു ഞെട്ടുന്നു, എന്നിട്ട് ജൻസിയെ എത്തിനോക്കുന്നു.

എന്നിട്ട് സുധീഷിനോട് കയറി ഇരിക്കാൻ കണ്ണുകൊണ്ടു ആംഗ്യം കാണിക്കുന്നു. സുധീഷ് എന്തോ മനസ്സിലായപ്പോലെ എന്നാൽ ഉള്ളിൽ സംശയത്തോടെ കസേരയിൽ കയറി ഇരിക്കുന്നു.

RAMESH
ഒന്നുല്ല ജൻസിയേച്ചി.. നിച്ചുമോൾക്ക് രണ്ട് കസേര കൊടുക്കാൻ വന്നതാ. പോട്ടെ..

എന്നു പറഞ്ഞപ്പോഴേക്കും അവിടെ മഴ പെയ്യുന്നു.

RAMESH
അയ്യോ.. മഴ..

എന്നു പറഞ്ഞു രമേശ് തലയിൽ കൈ വച്ച് ഓടുന്നു.

മഴ നന്നായി കനക്കുന്നു.

-slo mo-

നീതു വരാന്തയിൽ നിന്നുകൊണ്ടു മെല്ലെ മുകളിലേക്ക് മഴയെ എത്തിനോക്കുന്നു. മഴയോട് അവൾക്ക് നല്ല ഇഷ്ടമാണെന്നു മുഖത്തു നിന്നു കാണാം. അവളുടെ മുഖത്തേക്ക് മഴത്തുള്ളികൾ തെറിച്ചു വീഴുന്നു.

ഇതെല്ലാം നോക്കിയിരിക്കുന്ന സുധീഷ്. സുധീഷിന് നീതുവിനെ ഇഷ്ടമായി തുടങ്ങുന്നു.

-slo-mo ends-

പെട്ടെന്നു എന്തോ ഒർമ്മ വന്നപോലെ നീതു തിരിഞ്ഞു സുധീഷിനെ നോക്കുന്നു.

സുധീഷ് തന്റെ കയ്യിലേക്ക് തെറിച്ചു വീഴുന്ന മഴവെള്ളം തുടക്കുകയാണ്.

NEETHU

അയ്യോ.. sorry. ഇവിടെ ഇരുന്നാൽ വെള്ളം തെറിക്കും. അകത്തേക്ക് ഇരുന്നോളൂ.

SUDHEESH

ഇല്ല.. സാരില്ല. മഴ നല്ല രസമല്ലേ..

എന്നു പറയലും വലിയ ഒരു ഇടിവെട്ടുന്നതും ഒപ്പമായിരുന്നു. സുധീഷ് നന്നായി ഒന്നു ഞെട്ടിതെറിച്ചു.

SUDHEESH

അല്ലെങ്കി അകത്തേക്ക് ഇരിക്കാം അല്ലേ. ഈ ഇടി എനിക്കു ഇച്ചിരി പേടിയാ.

നീതു, കയറി ഇരുന്നോളു എന്നു പറയാൻ തുടങ്ങും മുന്പേ സുധീഷ് അകത്തു എത്തി.

സുധീഷ് അകത്തേക്ക് കയറുന്നത് അപ്പുറത്തെ വീട്ടിൽ നിൽക്കുന്ന ജാൻസി കാണുന്നു, ജാൻസിയുടെ മനസ്സിൽ സംശയം നിറയുന്നു.

-CUT TO-

**Scene 6**
**INT. നീതുവിന്റെ വീട് - EVENING**

നീതു പുറത്തു നിന്നും രണ്ടു കസേരയും എടുത്ത് അകത്തേക്ക് വരുമ്പോൾ തന്റെ അച്ഛന്റെ ഫോട്ടോയിൽ നോക്കി നിൽക്കുകയായിരുന്നു സുധീഷ്.

SUDHEESH
ഇതാണല്ലേ അച്ഛൻ.

NEETHU
(കസേരകൾ arrange ചെയ്ത്കൊണ്ട്)
ഉം.. അതേ.

SUDHEESH
അച്ഛന്റെ മോളു തന്നെയാ.

നീതുവിന്റെ മുഖത്തു നല്ല സന്തോഷം നിറഞ്ഞ പുഞ്ചിരി.

NEETHU
ഇരിക്കുട്ടോ.

സുധീഷ് കസേരയിൽ ഇരിക്കാൻ ഒരുങ്ങുമ്പോൾ വീണ്ടും ശക്തിയിൽ ഇടി വെട്ടുന്നു. അതുകേട്ടു പേടിക്കുന്ന സുധീഷ്. നീതു സുധീഷിന്റെ പേടി നിരീക്ഷിക്കുന്നു. പെട്ടെന്നു കസേരയിൽ ഇരിക്കുന്ന സുധീഷ് കാലുകൾ നിലത്തു മുട്ടാതെ പൊക്കിപിടിക്കുന്നു.

SUDHEESH
അതേ.. ആ വാതിലൊന്നു അടചെക്കാവോ. ഇടി നല്ല അടുത്താ വെട്ടുന്നെ.

നീതു സംശയിച്ച് വാതിൽ അടക്കുന്നു.

SUDHEESH
Thank you

സുധീഷിന്റെ കാലുകളിൽ നോക്കി നീതു.

NEETHU
ഇതെന്താ.. എന്തിനാ ഇങ്ങനെ കാല് പൊക്കിപ്പിടിക്കുന്നെ.

SUDHEESH
അത്.. പണ്ട് അച്ച്ചൻ പറഞ്ഞു തന്നതാ. ഇടി അടുത്തു വെട്ടുമ്പോൾ തറയിൽ തൊടാതെ ഇരിക്കണംന്നു.

NEETHU
ഓ.. ദാ.. ഇതിൽ കാല് വച്ചോളു.

നീതു അവിടെയിരുന്ന ഒരു സ്റ്റൂൾ എടുത്തു കൊടുക്കുന്നു. സുധീഷ് അതിൽ കാലെടുത്ത് വക്കുന്നു.

SUDHEESH
നീതു ഇരിക്കുട്ടോ. ഇങ്ങനെ നിൽക്കുന്നത് നല്ലതല്ല.

NEETHU
അല്ല.. ഞാൻ ചായ എടുത്തിട്ട് വരാം.

SUDHEESH
അതൊക്കെ പിന്നെ എടുക്കാം. ഈ ഇടിവെട്ട് ഒന്ന് കുറയട്ടെ. പേടി കുറവാല്ലേ. പക്ഷെ എനിക്ക് കുഞ്ഞിലേ മുതലേ ഈ സാധനം നല്ല പേടിയാ. രണ്ടു തവണ ചെറുതായി കിട്ടിയിട്ടുമുണ്ട്.

നീതു മറ്റൊരു കസേരയിൽ ഇരിക്കുന്നു.

അവരുടെ ഇടയിൽ ഒരു മൌനം. രണ്ടു പേരുടേം കണ്ണുകൾ ഇടക്ക് ഇടക്ക് ഉടക്കുന്നു.

നിശബ്ദദയെ പൊട്ടിച്ചുകൊണ്ട് സുധീഷ്.

SUDHEESH
നല്ല ആശയദാരിദ്രം ഉണ്ടല്ലേ നമ്മുടെ ഇടയിൽ.

NEETHU
(വളിച്ച ചിരി)
ആ.. അതെ. വല്ലാത്ത AWKWARD FEEL.

സുധീഷിന്റെ മുഖത്ത് ചെറിയ ചമ്മൽ വന്നെങ്കിലും അത് മറക്കാൻ എന്ന ഭാവത്തിൽ..

SUDHEESH
പഠിത്തം കഴിഞ്ഞു എന്നല്ലേ പറഞ്ഞത്.

NEETHU
എന്നാരു പറഞ്ഞു. എനിക്ക് തോന്നിയാൽ ഞാൻ ഇനിയും പഠിക്കും.

സുധീഷ് തന്റെ അബദ്ധം മനസ്സിലാക്കി വീണ്ടും..

SUDHEESH
അല്ല.. അതെ.. അത് വേണം. പഠനം നമ്മൾ ഒരിക്കലും അവസാനിപ്പിക്കരുത്. അത് തന്നെയാ എനിക്കും ആഗ്രഹം. `

NEETHU
(സംശയത്തോടെ സുധീഷിനെ നോക്കി ശേഷം പുഞ്ചിരിക്കുന്നു.)

SUDHEESH
(വിഷയം മാറ്റികൊണ്ട്)
സത്യത്തിൽ ഞാൻ ഒറ്റയ്ക്കല്ല വന്നത്. കൂടെ ഒരു FRIEND ഉണ്ടായിരുന്നു.
സഹീർ, അറിയില്ലേ ജങ്ഷനിലെ ഗ്രാൻഡ് ബേക്കറി നടത്തുന്ന...

NEETHU
ഏത് ആ കോഴിയാ..
(മനസ്സിലായി എന്ന ഭാവത്തിൽ തലയാട്ടുന്നു)

SUDHEESH
(ചമ്മലോടെ)
ആ... അയ്യോ അവൻ അങ്ങനെ...
അതല്ല.. അവനൊരു കേക്കിന്റെ order ഉണ്ടായിരുന്നു. അത്
കൊടുക്കാൻ വേണ്ടി പോയതാ. ഇപ്പൊ വരും.

NEETHU
ഈ മഴയത്തോ.. വന്നത് തന്നെ..

SUDHEESH
അതു ശെരിയാണല്ലോ.

- CUT TO -

**SCENE 7**
**EXT. ജാൻസിയുടെ വീട് - EVENING**

വീടിന്റെ കാർ പോർച്ചിൽ സംശയത്തോടെ നീതുവിന്റെ വീടിലേക്ക് നോക്കി നിൽക്കുന്ന ജാൻസി. നല്ല മഴ പെയ്യുന്നുണ്ട്.

JANCY
(അകത്തേക്കു നോക്കി ഭർത്താവിനെ വിളിക്കുന്നു)
ദേ.. നിങ്ങളൊന്നിങ്ങോട്ടെക്ക് വന്നെ ഇച്ചായാ..

PAUL
(ജാൻസിയുടെ അടുത്തു വന്നിട്ട്)
എന്നതാടി. നീയിതെന്നാ കണ്ടിട്ടാ കിടന്നു കൂവുന്നെ.

JANCY
ദേ.. ആ പെണ്ണു ഒരുത്തനെ വിളിച്ചു വീട്ടിൽ കേറ്റിയിരിക്കുന്നു മനുഷ്യാ. ഇവിടുത്തെ ആണുങ്ങള് കൊള്ളില്ലാഞ്ഞിട്ടല്ലേ അവൾ ഈ വേണ്ടാതീനം കാണിക്കുന്നേ.

PAUL
നീയെന്താ ഉദ്ദേശിച്ചത്.

JANCY
എടൊ മനുഷ്യാ. ഈ തോന്ന്യാസം ഒന്നും ഈ നാട്ടിൽ പറ്റില്ലാന്നു ചെന്നു പറയാനേ.

PAUL
ഏയ്.. അതവരുടെ ബന്ധു വല്ലോം ആവുംന്നെ. അവൾ പാവം കുട്ടിയല്ലേ.

JANCY
ഉവ്വ പാവം. അവളോ പാവം. ഇതതൊന്നുമല്ല. പെണ്ണുങ്ങക്കേ പെണ്ണുങ്ങളെ മനസ്സിലാവു. നിങ്ങളൊന്നു പോയി നോക്ക് മനുഷ്യാ.

ഈ ബഹളം കേട്ടു തൊട്ടടുത്ത വീട്ടിലെ സുഹറയും ഭർത്താവ് അലിയും ഇറങ്ങി വരുന്നു.

SUHARA
എന്താ ജാൻസീ.. എന്താ പ്രശ്നം.

JANCY
സുഹറ ഇത്താ, അലീക്കാ.. ആ പെണ്ണ് ഒരുത്തനെ വിളിച്ചു വീട്ടിൽ കെറ്റീട്ടുണ്ടന്നെ.

SUHARA
അള്ളാ പടച്ചോനെ... എന്താ ഈ കേക്കണേ. അല്ല പറഞ്ഞിട്ട് കാര്യമില്ല.
നേരത്തിനും കാലത്തിനും കേട്ടിച്ചില്ലേൽ ഇതൊക്കെ കാണണ്ടി വരും.

ഇത് കേട്ടു അലി സുഹറയെ തടഞ്ഞുകൊണ്ട്.

ALI
ഹാ.. നീയിതെന്താ ഹിമാറെ ഇങ്ങനൊക്കെ പറയണേ. അതൊരു പാവം
കുട്ടിയല്ലേ. അവളങ്ങനോന്നും കാട്ടൂല്ല. അതോൾടെ വല്ല ചങ്ങായിമാരും
ആവുന്നേ.

PAUL
അതാ അലീക്ക ഞാനും പറയണേ.

JANCY
കൂട്ടുകാരെ കണ്ടാലോക്കെ എനിക്ക് മനസ്സിലാവും. ഇത് അവന്റെ
മുഖത്തു നല്ല കള്ളലക്ഷണം ഉണ്ടായിരുന്നന്നെ.

ALI
ആണ.. എങ്കി അതോന്നറിയണല്ലോ പോളെ.

PAUL
മഴയൊന്നു കൊറയട്ടെ അലീക്കാ. എന്നിട്ട് നമുക്ക് പോയി നോക്കാ.
എന്തായാലും ആ കുട്ടിയും ഒറ്റക്കല്ലേ.

ഒരു ചെറിയ ഇടി മുഴക്കം

-CUT TO-

**SCENE 8**
**INT. നീതുവിന്റെ വീട് - EVENING**

ഇടി മുഴക്കം അവസാനിക്കുമ്പോൾ നീതു സുധീഷിനോട്.

NEETHU
ഇപ്പൊ ഇടിവെട്ടു കുറഞ്ഞില്ലേ.. ഞാൻ ചായ എടുക്കാം.

സുധീഷ് നീതുവിനെ നോക്കി തലയാട്ടുന്നു. എന്നിട്ടു പെട്ടെന്ന് എന്തോ ഓർത്തപോലെ.

SUDHEESH
അതേയ്.. പഞ്ചാര ഇടണ്ടാട്ടോ.

നീതു സംശയിച്ചു സുധീഷിനെ നോക്കുന്നു.

SUDHEESH
അയ്യോ.. ഷുഗർ ഒന്നും ഇല്ല കേട്ടോ. പരമാവധി പഞ്ചാര ഞാൻ ഒഴിവാക്കാറുണ്ട്, അതാ. ഫാറ്റ് കൂടുംന്നെ.

നീതു ഇത് കേട്ടു പുഞ്ചിരിച്ചുകൊണ്ട് അകത്തേക്ക് പോവുന്നു.

സുധീഷ് എഴുന്നേറ്റ് വീടിന്റെ ഉള്ളിലൊക്കെ ഒന്ന് കണ്ണോടിക്കുന്നു. പലതരം HAND CRAFTED സാധനങ്ങൾ ഒക്കെ തൊട്ടും തലോടിയും നോക്കുന്നു. സുധീഷിന്റെ മനസ്സു നിറഞ്ഞ പുഞ്ചിരി മുഖത്ത്.

സുധീഷ് അടുക്കളയിൽ നിൽക്കുന്ന നീതുവിനോട്

SUDHEESH
ഇതൊക്കെ തന്റെ കലാവിരുതാണോ.

NEETHU
ആ. അതെ. നേരം പോക്കിന് ചെയ്യുന്നതാ.

അവിടെയിരിക്കുന്ന ഒരു ശ്രീകൃഷ്ണന്റെ പെയിന്റിംഗ് സുധീഷിന്റെ ശ്രദ്ധയിൽപ്പെടുന്നു. ചിത്രത്തിലെ ശ്രീകൃഷ്ണന് അല്പം കറുത്ത നിറമാണ്. സുധീഷ് അതിൽ തൊട്ടുകൊണ്ട് മെല്ലെ പുഞ്ചിരിക്കുന്നു. എന്നിട്ട് ഒരു മൂളിപ്പാട്ട് പാടുന്നു..

SUDHEESH
കാക്ക കറുംപൻ കണ്ടാൽ കുറുമ്പൻ
കാർവർണ്ണൻ എന്റെ കാർവർണ്ണൻ

നീതു ഇത് അടുക്കളയിൽ നിന്ന് ശ്രദ്ധിക്കുന്നു. മുഖത്തു പുഞ്ചിരി വരുന്നു.

SUDHEESH
(പാടികഴിഞ്ഞ് അടുക്കളയിലേക്ക് നോക്കി)
അതേയ്.. ചായ മാത്രം പോരകേട്ടോ .. കഴിക്കാനും എന്തേലും വേണം. മഴയും ടെൻഷനും കാരണം നല്ല വിശപ്പ്.

നീതു ഇത് കേട്ടു അങ്കലാപ്പിലാവുന്നു. അവൾ കൊഴുക്കട്ട വച്ചിരിക്കുന്ന പാത്രം തുറന്നു നോക്കുന്നു. മനസ്സില്ലാ മനസ്സോടെ ഓരോ കൊഴുക്കട്ടയും എടുത്ത് മറ്റൊരു പാത്രത്തിലേക്ക് വക്കുന്നു.

ചായയും കൊഴുക്കട്ടയുമായി നീതു സുധീഷ് നിൽക്കുന്ന മുറിയിലേക്ക് വരുന്നു.

NEETHU
ചായ !!

SUDHEESH
ആഹാ.. ഇത്ര പെട്ടെന്നൊ.

നീതു പുഞ്ചിരിക്കുന്നു.

SUDHEESH
(കൊഴുക്കട്ട നോക്കി)
ആഹാ.. കൊഴുക്കട്ട എന്റെ FAVORITE ആണ്. ഇത് സഹീർ വല്ലോം പറഞ്ഞിട്ട് എന്നെ വീഴ്ത്താൻ വേണ്ടി ഉണ്ടാക്കീതാണോ.

NEETHU
ഏയ് അല്ല. എന്റെയും FAVORITE ആണ്.

SUDHEESH
(ആകാംക്ഷയോടെ ചിരിച്ചുകൊണ്ട്)
ആണോ.. അത് കൊള്ളാലോ.

രണ്ടുപേരും പരസ്പരം നോക്കുന്നു. സുധീഷ് പ്രേമത്തോടെ നീതുവിനെ നോക്കികൊണ്ട് മെല്ലെ ചായ എടുത്തു കുടിക്കുന്നു. ഒരു സിപ് ചായ കുടിച്ചശേഷം ഒരു കൊഴുക്കട്ടയെടുക്കുന്നു.

നീതുവിന്റെ മുഖത്തെ ചിരി മായുന്നു. അവൾടെ വിഷമം മറക്കാൻ അവൾ നന്നേ പാടുപെടുന്നു.

എന്നാൽ ആദ്യം എടുക്കുന്ന കൊഴുക്കട്ട സുധീഷ് നീതുവിനു നേരേ നീട്ടുന്നു.
നീതു എന്താണെന്ന് മനസ്സിലാവാതെ സുധീഷിനെ നോക്കുന്നു.

SUDHEESH
നീതു കഴിക്കു.
NEETHU
അയ്യോ വേണ്ട. കഴിചോളു.

SUDHEESH

തന്റെ FAVORITE ആണെന്നല്ലേ പറഞ്ഞെ. പിന്നെന്താ. കഴിക്കു.

നീതു അത് വാങ്ങുന്നു. സുധീഷ് അടുത്ത കൊഴുകട്ടെ എടുത്തു ഒരു കടി കടിക്കുന്നു.

SUDHEESH

WOW.. SUPER.. ഇതു നീതു ഉണ്ടാക്കിയതാണോ.

NEETHU

അതെ..

SUDHEESH

കൊള്ളാം. നന്നായിട്ടുണ്ട്. നീതു.. ഈ കൊഴുക്കട്ടക്ക് ഒരു പ്രശ്നം ഉണ്ട്.

NEETHU

അയ്യോ.. എന്താ...

SUDHEESH

ഈ കൊഴുകട്ടക്ക് അല്ലടോ. ചില കൊഴുക്കട്ട, പുറമേ നല്ല വെളുത്തത് ഒക്കെയാവും, എന്നാൽ അതിനുള്ളിൽ തെങ്ങാപീരയിൽ പഞ്ചാരചേർത്ത് നിറചിട്ടാവും ഉണ്ടാവ. പഞ്ചാരയാണെങ്കിൽ നമ്മുടെ ആരോഗ്യം കളയുന്ന സാധനോം ആണല്ലോ. എനിക്ക് ഇതാ ഇഷ്ടം. നല്ല ശർക്കരയിൽ ഇട്ടു വരട്ടി എടുക്കുന്നത്. കാണാൻ ഇച്ചിരി കറുപ്പാണെങ്കിലും കഴിക്കാൻ ഇതാ നല്ലത്, ആരോഗ്യത്തിനും.

ഇത് പറഞ്ഞിട്ട് ROMANCE ഓടെ സുധീഷ് നീതുവിനെ നോക്കുന്നു. നീതുവിന്റെ മുഖത്ത് നാണം നിറയുന്നു, മുഖം തെളിയുന്നു.

ഈ സമയം നീതുവിന്റെ ഫോണിൽ ഒരു കോൾ വരുന്നു. നീതു അറിയാതെ കോൾ എടുക്കുന്നു, കൈ തട്ടി അത് ലൌഡ് സ്പീക്കറിൽ ആവുന്നു.  തന്റെ കൂട്ടുകാരി സിന്റെയുടെ വോയിസ് ഫോണിലൂടെ സുധീഷും കേൾക്കുന്നു.

MOBILE

എടി.. എന്തായെടി.. നിന്റെ ചെക്കൻ വന്നു പോയോ. ഇഷ്ടായോ നിനക്ക്.

നീതു പാടുപെട്ട് കോൾ എങ്ങനെയോ കട്ട് ആക്കുന്നു.

പുറത്തു മഴ കുറഞ്ഞു തുടങ്ങി.

SUDHEESH
(ഫോൺ കോൾ കേട്ടില്ല എന്നാ ഭാവത്തിൽ)
ഇനിയിപ്പോ സഹീർ വരുമെന്നു തോന്നുന്നില്ല. ഞാൻ എന്നാ പിന്നെ അങ്ങു ഇറങ്ങിയേക്കാം.

എന്നു പറഞ്ഞു സുധീഷ് എഴുന്നേറ്റ് വാതിലിന്റെ അടുത്തേക്ക് നടക്കുന്നു. എന്നിട്ടു തിരിഞ്ഞു നീതുവിനെ നോക്കി

SUDHEESH
അല്ലാ.. കൂട്ടുകാരിക്ക് എന്താ മറുപടി കൊടുക്കുന്നെ. എന്നെ ഇഷ്ടമായി എന്നാണോ !!

നീതു നാണിച്ചു തലയാട്ടുന്നു.

സുധീഷിന്റെ മുഖം വിടരുന്നു.

SUDHEESH
എന്നാ ഇറങ്ങിക്കോട്ടേ ?

നീതു അതിനും തലയാട്ടുന്നു.

**SCENE 8A**
**EXT. നീതുവിന്റെ വീട് - EVENING**

സുധീഷ് വാതിൽ തുറക്കുന്നു. പുറത്തേക്കു നോക്കുന്ന സുധീഷ് ഞെട്ടുന്നു.

പുറത്തു ഒരുകൂട്ടം ആൾക്കാർ. അതിൽ ഏറ്റവും മുന്നിൽ നീതുവിന്റെ അമ്മ കുടയില്ലാതെ നനഞ്ഞു കുളിച്ചു കിതച്ചുകൊണ്ട് നിൽക്കുന്നു. അടുത്തു സഹീർ നനഞ്ഞ ടീഷർട്ട് ഊരാതെ തന്നെ പിഴിയുന്നു. കൂടെ ജാൻസി, പോൾ, സുഹറ, അലി എന്നിവരും വേറെ കുറച്ചു പേരും കുട ചൂടി നിൽക്കുന്നു.

രമേശ് വളരെ നിരാശയോടെ വാതിലിലൂടെ നീതുവിനെ കാണ്ന്നുണ്ടോയെന്നു  എത്തിനോക്കുന്നു.

ഇതൊന്നും കാര്യമാക്കാതെ സിപ്പപ്പ് ചപ്പി നിൽക്കുന്ന കുട്ടി.

സുധീഷ് സഹീറിനെ നോക്കി വിളിച്ച ചിരി ചിരിക്കുന്നു. എന്നിട്ട് മെല്ലെ പുറത്തേക്ക് ഇറങ്ങുന്നു.

സുധീഷിന്റെ മറയിൽ നിന്നും നീതുവും പുറത്തേക്കു വരുന്നു.

പെട്ടെന്ന് ശക്തിയായി ഒരു ഇടി വെട്ടുന്നു. സഹീർ ഞെട്ടി നീതുവിന്റെ കയ്യിൽ പിടിക്കുന്നു.

നീതുവിനെ കണ്ടു രമേഷിന് കരച്ചിൽ വരുന്നു. രമേശിന്റെ  മുന്നിൽ നിന്ന് സിപ്പപ്പ് ചപ്പി നില്ല്ക്കുന്ന കുട്ടി.

ഫ്രെമിൽ സുധീഷും നീതുവും പരസ്പരം നോക്കി നിൽക്കുന്നു.

-BLACK OUT-

**SCENE 9 - TAIL END**
**EXT. നീതുവിന്റെ മുറി- NIGHT**

നന്നായി ഒരുക്കിയിരിക്കുന്ന മണിയറ. ക്യാമറ ട്രാക്കിൽ നീങ്ങുമ്പോൾ അവിടെ ഒരു ടേബിളിൽ വച്ചിരിക്കുന്ന ഒരു ഗ്ലാസ് പാല്, പാത്രത്തിൽ ഇരിക്കുന്ന കുറച്ചു ഫ്രൂട്ട്സ്, അതിനു അടുത്തായി മറ്റൊരു പാത്രത്തിൽ രണ്ട് കൊഴുകട്ട. ഇവയ്ക്ക് മുകളിലായി തൂക്കിയിട്ടിരിക്കുന്ന കല്യാണ മാലയുടെ അറ്റം കാണാം.

ഈ സമയം പുറത്തു ആരൊക്കെയോ സംസാരിക്കുന്നത് കേൾക്കാം.

"അനിതെച്ചി.. എന്നാ പിന്നെ ഞങ്ങൾ ഇറങ്ങിയെക്കുവാ. നല്ല മഴ വരാൻ പോകുന്നുണ്ട്.'

"ആ ശരി മക്കളെ"

ഈ സമയം V.O -

SUDHEESH
നിച്ചൂ...

NEETHU
(നാണം കലർന്ന മൂളൽ)
ഉം...

SUDHEESH
മഴ പെയ്യോ..

NEETHU
(ചിരിക്കുന്നു..)
മഴ നല്ലതല്ലേ

SUDHEESH
മഴ നല്ലതാ. പക്ഷേ.. ഈ ഇടി..
(ഫ്രെയിമിൽ കൊഴുക്കട്ട കാണുന്നു. ഒന്നു നിർത്തിയിട്ട്)
അല്ല.. ഈ കൊഴുക്കട്ടക്കെന്താ FIRST NIGHT -ൽ കാര്യം.

NEETHU ചിരിക്കുന്നു. സുധീഷും..

- MUSIC -
- TITLES -
- END -